DESPATCHED On. 22/2/2020

1/1/2020



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 116*(2)/2019*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 406/*എസ്.ഐ.സി-ജി 6/2018*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.വിഷ്ണുപുരം ചന്ദ്രശേഖരൻ,**
**ചെയർമാൻ വി.എസ്.ഡി.പി**
**വൈകുണ്ഠഭവൻ ടി.സി.24/534**
**തൈക്കാട് പി.ഒ, തിരുവനന്തപുരം 14** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
   **ഡി.വൈ.എസ്.പി(എൻ.ആർ.ഐ.സെൽ)**
   **പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, കേരള**
   **തിരുവനന്തപുരം**

2. **അപ്പീൽ അധികാരി**
   **പോലീസ് സൂപ്രണ്ട് , എൻ.ആർ.ഐ.സെൽ**
   **പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, കേരള**
   **തിരുവനന്തപുരം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.08.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 01.09.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 10.10.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 08.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 27.07.2018–ാം തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ടിയാൻ നെയ്യാറ്റിൻകര ഡി. വൈ.എസ്.പി ഹരികുമാറിനെതിരെ സമർപ്പിച്ച പരാതിയിൽ പറയുന്നവരുടെയും മറ്റാളുകളുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ ആരുടെ മൊഴിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും അവരുടെ പേരും മേൽവിലാസവും നൽകണമെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.
3. 21.08.2018 ന് എതിർകക്ഷി നൽകിയ മറുപടിയിൽ 1 മുതൽ 5 വരെ വിവരങ്ങൾക്ക് ഹർജിക്കാരന്റെ പരാതിയിൻമേൽ റേഞ്ച് ഐ.ജി.പി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയതിൻമേൽ തുടർനടപടി സ്വീകരിച്ചുവരുന്നതുമാണെന്നും, ടി പരാതിയിന്മേൽ അന്തിമ തീർപ്പ് കൽപിച്ചിട്ടില്ലാത്തതിനാൽ വിവരം ഇപ്പോൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്നുമാണ് അറിയിച്ചത്.
4. 01.09.2018 ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് എതിർകക്ഷി i3(ആർ.റ്റി.ഐ)–113277/2018/പി.എച്ച്.ക്യൂ തിയതി 21.08.2018 നമ്പർ കത്ത് പ്രകാരം വിവരാവകാശപ്രകാരം ആവശ്യപ്പെട്ട രേഖകളെല്ലാം കൈവശം ഉണ്ടെന്നു സമ്മതിച്ചുകൊണ്ട് തന്നെ സാങ്കേതികത്വം ഉന്നയിച്ചു വിവര നിഷേധം നടത്തുന്നുവെന്നാണ്.
5. 10.10.2018–ാം തീയതി അപ്പീൽ അധികാരി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത് ഹർജിക്കാരന്റെ 27.07.2018 തിയതിയായി തിരുവനന്തപുരം റേഞ്ച് ഐ.ജി.പി ഓഫീസിൽ നിന്നും പോലീസ് ആസ്ഥാനത്തെ എസ്.പി.ഐ.ഒ യ്ക്ക് അയച്ചു നൽകിയിട്ടുള്ളതുമായ അപേക്ഷയിൽ 23.08.2018 തിയതിലെ i3 (ആർ.റ്റി.ഐ)–113742/2018/പി.എച്ച്.ക്യൂ നമ്പർ കത്ത് പ്രകാരം ടി ആഫീസിലെ എസ്.പി.ഐ.ഒ നൽകിയ മറുപടിയുമായി ബന്ധപ്പെട്ടാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും, ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി വിഷയം ടി ആഫീസിലെ കോൺഫിഡൻഷ്യൽ വിഭാഗത്തിൽ നിന്നും വിവരം/രേഖകൾ ആവശ്യപ്പെട്ടിരുന്നതായും, ടി വിഭാഗത്തിലെ അധികാരി ലഭ്യ

മാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മറുപടി നൽകിയതെന്നും, അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ വീണ്ടും വിവരം/മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിഷയം പോലീസ് ആസ്ഥാനത്തെ കോൺഫിഡൻഷ്യൽ വിഭാഗത്തിൽ കൈകാര്യം ചെയ്യുന്നതിനാലും 07.02.2006 തിയതിയിലെ ജി.ഒ.(പി) നം.43/2006/ജി.എ.ഡി ഉത്തരവ് പ്രകാരം ടി വിഭാഗത്തെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാലും, ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്നാണ് ടി രേഖകളുടെ സൂക്ഷിപ്പുകാരനായ അധികാരി അിറയിച്ചുവെന്നും, ആയതിനാൽ രേഖകൾ നൽകാൻ നിർവ്വാഹമില്ലെന്നുമാണ്.

6. 20.09.2019 ൽ എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, i3 (ആർ.റ്റി.ഐ)–129661/2018/പി.എച്ച്.ക്യൂ നമ്പർ പ്രകാരമുള്ള അപ്പീൽ പരാമർശിച്ചതും, 27.07.2018 തിയതിയായി പോലീസ് ആസ്ഥാനത്തെ എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയും വ്യത്യസ്തമാണെന്നും, 30.07.2018 തിയതി ബി3/3637യ2018 റ്റി.ആർ നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം റേഞ്ച് ഓഫീസിൽ നിന്നും പോലീസ് ആസ്ഥാനത്തെ എസ്.പി.ഐ.ഒ യ്ക്ക് അയച്ചു നൽകിയിട്ടുള്ളതും 05.05.2018,27.07.2018 തിയതികളിൽ തിരുവനന്തപുരം റേഞ്ച് ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് നേരിട്ട് നൽകിയിട്ടുള്ള അപേക്ഷയും ബന്ധമുള്ളതുമാണ്. ടി അപേക്ഷ സംബന്ധിച്ചുള്ള വിവരമാണ് ടി അപേക്ഷയ്ക്കാണ് 23.08.2018 തിയതിലെ 13(ആർ.റ്റി.ഐ)–113742/2018/പി.എച്ച്.ക്യൂ നമ്പർ കത്ത് പ്രകാരം എസ്.പി.ഐ.ഒ മറുപടി കൊടുത്തതെന്നും ആയതിന്റെ അപ്പീലാണ് 13(ആർ.റ്റി.ഐ)–129661/2018/പി.എച്ച്.ക്യൂ നമ്പർ പ്രകാരമുള്ള അപ്പീലിൽ തീർപ്പാക്കിയിട്ടുള്ളതും എന്നും, എന്നാൽ കമ്മീഷനിൽ സമർപ്പിച്ച അപേക്ഷയിൽ വേറൊരു അപ്പീലാണ് പരാമർശിച്ചിട്ടുള്ളതെന്നും, പോലീസ് ആസ്ഥാനത്ത് ലഭിക്കുന്ന പരാതികളും രേഖകളും ആയതിന്റെ വിഷയം സ്വഭാവം ഗൗരവം എന്നിവ കണക്കിലെടുത്ത് വ്യത്യസ്ത സെക്ഷനുകളിലാണ് കൈകാര്യം ചെയ്യുന്നതെന്നും ടി വിഷയം ടി ഓഫീസിലെ കോൺഫിഡൻഷ്യൽ സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നതെന്നും ടി വിഭാഗത്തിലെ അധികാരി ലഭ്യമാക്കിയ വിവരമാണ് ഹർജിക്കാരന് നൽകിയതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിഷയം പോലീസ് ആസ്ഥാനത്തെ കോൺഫിഡൻഷ്യൽ വിഭാഗത്തിൽ കൈകാര്യം ചെയ്യുന്നതിനാലും 07.02.2006 തിയതിയിലെ ജി.ഒ.(പി) നം.43/2006/ജി.എ.ഡി ഉത്തരവ് പ്രകാരം ടി വിഭാഗത്തെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാലും, ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്നാണ്.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെയും ഹാജരായ ഇരു കക്ഷികളുടെ മൊഴിയുടെ അടിസ്ഥാനത്തിലും, പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് ആയ

തിന്റെ പകർപ്പ് ഹർജിക്കാന് നല്കാവുന്നതാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു. ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 01–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**